ACHARYA

An influential mentor

# WEEKLY EDITORIAL ANALYSIS – THE HINDU

25/04/22 - 30/04/22

www.acharyainfo.com

## 'Side-stepping irritants' 25-04-22

ബ്രിട്ടീഷ് പ്രധാനമന്ത്രി കഴിഞ്ഞ ആഴ്ച ഇന്ത്യ സന്ദർശിച്ചിരുന്നു. വ്യാപാരം, പ്രതിരോധം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ വിഷയങ്ങളിൽ സഹകരണം ശക്തമാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഏറ്റവും ശ്രദ്ധേയമായത് ഈ വർഷം അവസാനത്തോടെ സ്വാതന്ത്രവ്യാപാര കരാർ യാഥാർഥ്യമാക്കും എന്ന പ്രഖ്യാപനം ആയിരുന്നു. 2030 ആകുമ്പോഴേക്കും ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാരം ഇരട്ടിയാക്കുക എന്നതാണ് ലക്ഷ്യം.

ഇൻഡോ-പസഫിക് മേഖലയിലെ സഹകരണം കൂടുതൽ ശക്തമാക്കാൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു. ഹരിത-സാങ്കേതികവിദ്യകളുടെ കൈമാറ്റം, കാലാവസ്ഥാവ്യതിയാനം തടയുന്നതിനാവശ്യമായ പ്രവർത്തികൾക്കുള്ള സാമ്പത്തിക സഹായം തുടങ്ങിയ വിഷയങ്ങൾ ഇരു രാജ്യത്തെയും പ്രധാനമന്ത്രിമാർ ചർച്ച ചെയ്തു.

ഇന്ത്യക്ക് റഷ്യയുമായുള്ള ശക്തമായ ബന്ധം കണക്കിലെടുത്തുകൊണ്ട് റഷ്യ-യുക്രെൻ വിഷയത്തിൽ ഇന്ത്യയുടെ നിലപാട് ഉൾക്കൊള്ളാൻ ബ്രിട്ടൻ തയാറായി. ഇരു രാജ്യങ്ങളിലെയും വളർന്നുവരുന്ന തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ഒരു സബ്-ഗ്രൂപ്പ് രൂപീകരിക്കാൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു. യു.കെ'യിൽ വളർന്നു വരുന്ന ഖാലിസ്ഥാൻ തീവ്രവാദം ഉൾപ്പെടെയുള്ള തീവ്രവാദപ്രവർത്തനങ്ങൾ നിരീക്ഷണപരിധിയിൽ ഉൾപ്പെടും.

ACHARYA An influential mentor

2030 ആകുമ്പോഴേക്കും ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തമാക്കുന്നതിന് കൂടുതൽ സഹകരണം ആവശ്യമാണ്.

## 'Data, interrupted' 26-04-22

ഇന്ത്യ 'ഓൾ ഇന്ത്യ ഹൌസ്ഹോൾഡ് കൺസ്യൂമർ എക്സ്പെൻഡിച്ചർ സർവേ' നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. സർവ്വേ നടക്കുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സർക്കാർ അനുമതി നൽകുകയും ചെയ്യുകയാണെങ്കിൽ 2024 ൽ വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കാം. ഇത്തരമൊരു സർവ്വേ മുൻപ് നടന്നത് 2017-18 ൽ ആയിരുന്നു. എന്നാൽ അതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ സർക്കാർ അനുമതി നൽകിയില്ല. വിവരശേഖരണത്തിലും, ലഭിച്ച വിവരങ്ങളിലും നിരവധി അപാകതകൾ വന്നിട്ടുണ്ട് എന്നതാണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാതിരിക്കാൻ കാരണമായി സർക്കാർ പറഞ്ഞത്.

ചരക്ക്-സേവന നികുതി ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ നടപ്പാക്കിയത് ഗാർഹികോപഭോഗത്തെ സാരമായി ബാധിക്കുകയും അത് സർവ്വേയിൽ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ടാകാം. റിപ്പോർട്ട് പ്രസിദ്ധീകരിക്കാതിരിക്കാൻ ഇത് കാരണമായിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിൽ, അതായത് സമ്പത്ത്‌വ്യവസ്ഥ പ്രതിസന്ധിയിൽ നിന്നും കരകയറാൻ ശ്രമിക്കുന്ന സാഹചര്യത്തിൽ അതിനെ സഹായിക്കാൻ വ്യക്തമായ വിവരങ്ങൾ ആവശ്യമാണ്. വ്യക്തമായ വിവരങ്ങളുടെ അഭാവം ഇപ്പോഴത്തെ സാഹചര്യത്തിൽ രാജ്യത്തിൻറെ വികസനത്തെ ബാധിച്ചേക്കാം.

ഒരു സ്വതന്ത്ര-ഉദാര സമ്പത്ത്‌വ്യവസ്ഥ പിന്തുടരുന്ന ജനാധിപത്യ രാജ്യം എന്നുള്ള ഇന്ത്യയെ കുറിച്ചുള്ള കാഴ്ചപ്പാടിന് വിരുദ്ധമായി മാറിയേക്കാം ഇത്തരത്തിൽ സർവ്വേ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നത് തടയുന്ന സാഹചര്യങ്ങൾ.

## 'Fuelling friction' 30-04-22

ഈയിടെ പെട്രോളിന്റെയും ഡീസലിന്റെയും ഡ്യൂട്ടി കുറക്കാൻ സംസ്ഥാനങ്ങളോട് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. കഴിഞ്ഞ നവംബർ മാസം കേന്ദ്ര സർക്കാർ ഇതേ ഡ്യൂട്ടിയിൽ ഇളവുകൾ നൽകിയിരുന്നു. ഇതേ കാര്യം സംസ്ഥാനങ്ങളും ചെയ്യുന്നതിലൂടെ എണ്ണ വിലവർദ്ധനവിന്റെ ഭാരത്തിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം നൽകണമെന്നാണ് പ്രധാനമന്ത്രി ആവശ്യപ്പെട്ടത്.

കേന്ദ്രത്തെ അപേക്ഷിച്ച് വരുമാനസ്രോതസ്സുകൾ കുറവുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകേണ്ടതായ ജി.എസ് ടി. നഷ്ടപരിഹാരം നൽകാതാകുകയുംകൂടി ചെയ്തതോടെ നിലവിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക സാഹചര്യം പരിതാപകരമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ പ്രധാനവരുമാനസ്രോതസ്സ് ആയ പെട്രോളിയം നികുതി കുറക്കാൻ ആവശ്യപ്പെടുന്നത് സഹകരണ-ഫെഡറലിസത്തിന് തന്നെ ദോഷകരമാണ്.

പ്രധാനമന്ത്രിയുടെ പ്രസ്താവനയിൽ നിന്നും വായിക്കാൻ കഴിയുന്ന മറ്റൊരു കാര്യം എന്നത് കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ഇനിയൊരു നികുതിയിളവ് ഉണ്ടാകില്ല എന്നതാണ്. എണ്ണ വില വർദ്ധനവ് ജനങ്ങളുടെ ജീവിതത്തെ സാരമായി ബാധിക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. രാജ്യത്ത് മൊത്തം വിലക്കയറ്റത്തിന് പ്രധാനകാരണമാകുന്നത് എണ്ണ വിലവർദ്ധനവാണ്. ഇത് രാജ്യത്തെ സാധാരണക്കാരുടെ ഉപഭോഗം

ACHARYA An influential mentor

കുറയുന്നതിലേക്കും അത് ഉത്പാദനമേഖലയെപോലും ബാധിക്കുന്ന സാഹചര്യത്തിലേക്കും നയിക്കുകയാണ്.

ACHARYA
An influential mentor